## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1641

10.02.2020-ൽ മറുപടിക്ക്

### ഐ.കെ.എം. സൊസൈറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ഐ.കെ.എം-നെ പുന:സംഘടിപ്പിച്ച് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എന്നാണ് ഈ ഉത്തരവ് ഇറങ്ങിയത്; | എ) ഇൻഫർമേഷൻ കേരള മിഷന്റെ പുനരുദ്ധാരണവും (Restructuring) ശമ്പളപരിഷ്കരണവും സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചുകൊണ്ട് 31/08/2017 -ൽ സ.ഉ(കൈ.)നം.176/2017/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) സർക്കാർ ഉത്തരവ് പ്രകാരം എന്നാണ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്; സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.01.2018-ലെ 20/ഇ 1/2018/ ഐ.കെ.എം നമ്പർ നടപടി ക്രമം പ്രകാരം 01.09.2017 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഐ.കെ.എം. തയ്യാറാക്കിയ ജീവനക്കാരുടെ കരട് ശമ്പള പരിഷ്കരണ പട്ടികയിൽ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചിരുന്നോ; എന്നാണ് ഈ നിർദ്ദേശങ്ങൾ നൽകിയത്; ഇതിൽ നാളിതുവരെ ഐ.കെ.എം. മാനേജ് മെൻറ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | സി) ഐ.കെ.എം. തയ്യാറാക്കിയ ജീവനക്കാരുടെ കരട് ശമ്പള പരിഷ്കരണ പട്ടികയിൽ പഞ്ചായത്ത് ഡയറക്ടർ മാറ്റങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല. |

ഡി) ജീവനക്കാരുടെ ശമ്പളപരിഷ്കരണ അനോമലികൾ പരിഹരിക്കാൻ വേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്നും,' എന്നാണ് ഈ തീരുമാനം എടുത്തതെന്നും ഇതിന്മേൽ ഐ.കെ.എം. മാനേജ് മെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഡി) 05.01.2018-ൽ ചേർന്ന ഐ.കെ.എമ്മിന്റെ പതിനഞ്ചാം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) എന്നിവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 22.03.2018 ലെ IKM/1027/E4/2018 നമ്പർ കത്ത് പ്രകാരം സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഐ.കെ.എം. ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ആവലാതിക്കാരെ നേരിൽ കേട്ട് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അനോമലി പരിഹരിക്കുന്നതിനായി മറ്റൊരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സബ്കമ്മിറ്റി രൂപീകരിച്ചില്ല. എന്നാൽ 19.12.2019-ലെ കത്ത് പ്രകാരം അനോമലി പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ 19.12.2019-ൽ വീണ്ടും അഭ്യർത്ഥിക്കുകയാണുണ്ടായത്.

ഇ) ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിക്കുന്നതിലേക്കായി 2018 ജനുവരി മുതൽ സർക്കാരിൽ നിന്ന് ഐ.കെ.എം-ലേക്ക് നൽകിയ കത്തുകളുടെ വിശദാംശങ്ങൾ നൽകുമോ; ഇതിന്മേൽ ഐ.കെ.എം. സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഇ) ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിക്കുന്നതിലേക്കായി എംപ്ലോയീസ് ഫെഡറേഷൻ സമർപ്പിച്ച 28/09/2017-ലെ നിവേദനം റിപ്പോർട്ടിനായി 4/2018-ൽ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചു കൊടുത്തിരുന്നു. ഐ.കെ.എം.ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിച്ച്

റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ആവലാതിക്കാരെ നേരിൽ കേട്ട് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ 22.05.2018-ൽ ചേർന്ന 16-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ / ടീംലീഡർ, അഡ്മിനിസ്ട്രേഷൻ / ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) /ടീം ലീഡർ, അക്കൗണ്ട്സ് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കുവാനും, സർക്കാർ തീരുമാനമെടുക്കേണ്ട ഇനങ്ങളിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ) എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് അനോമലി പരിഹരിക്കുന്ന വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം സമർപ്പിക്കുവാനും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 31.01.2019-ലെ കത്ത് പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു. പ്രസ്തുത തീരുമാനങ്ങൾ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 19.12.2019-ലെ കത്ത് പ്രകാരം അനോമലി പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ 19.12.2019-ൽ അഭ്യർത്ഥിക്കുകയാണുണ്ടായത്.

(signature)

സെക്ഷൻ ഓഫീസർ.